**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1918** **12-09-2023 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതിയിലൂടെ ആനുകൂല്യം ലഭിക്കുന്നവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസ കിരണം പദ്ധതി മുഖേന ഏതൊക്കെ വിഭാഗത്തിൽപ്പെട്ടവർക്കാണ് ആനുകൂല്യം ലഭ്യമാക്കുന്നതെന്നും എത്ര രൂപയുടെ ആനുകൂല്യമാണ് നൽകുന്നതെന്നും വിശദമാക്കാമോ; | (എ) | തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള രോഗികളെ പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസ കിരണം.<br><br>ശയ്യാവലംബരായ ഒരു വ്യക്തി കുടുംബത്തിലുള്ള സാഹചര്യത്തിൽ അവരെ പരിചരിക്കുന്നതിനായി ഒരാൾ മുഴുവൻ സമയവും വീട്ടിൽ നിൽക്കേണ്ടതായി വരുന്നതിനാൽ ഇവർക്ക് പുറത്ത് പോയി വരുമാനദായക ജോലികളിൽ ഏർപ്പെടുവാൻ സാധിക്കാതെ വരുന്നു. ഇങ്ങനെയുള്ള കുടുംബങ്ങളെ സഹായിക്കാനാണ് ടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ബി) | ഏത് തീയതിവരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ഇപ്പോൾ ആനുകൂല്യം നൽകുന്നതെന്ന് വിശദമാക്കാമോ? | (ബി) | ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ